**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1811** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി യെ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി യെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കാമോ? | (എ) | കൂടുതൽ ബസുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുക വഴി കോവിഡിനെ തുടർന്ന് നിർത്തിവെച്ചിരുന്ന നിരവധി സർവ്വീസുകൾ കൂടി പുനരാരംഭിക്കാനും അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു.<br><br>കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടേയും സാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്ക്കരണം സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ച് വരുന്നു. ഇത് ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് ചെലവ് കുറച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് - |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസുകൾക്ക് തനത് ഫണ്ട് / സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപെരുപ്പം നിയന്ത്രിക്കുന്നതിനുമായി ചെറിയ ബസുകൾ ഉപയോഗിച്ച് ഇടറോഡുകൾ റസിഡൻഷ്യൽ ഏര്യ എന്നിവിടങ്ങളിൽ നിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി തിരുവനന്തപുരത്ത് മണ്ണന്തല മുതൽ തിരുമല വരെ ആദ്യ ഫീഡർ സർവ്വീസ് 2023 ജനുവരി 16-ന് തുടങ്ങി.<br><br>ടിക്കറ്റിതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിലേക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസ് സ്റ്റേഷൻ പരസ്യം, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ ബസുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ചുവരുന്നു.<br><br>2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്.<br><br>മേൽ കൈക്കൊണ്ട വൈവിധ്യവത്ക്കരണത്തിലൂടെ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ